# കേരള സർക്കാർ

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് – വിനോദ നികുതി – ശ്രീ ഗോകുലം മൂവീസ് നിർമ്മിച്ച "പഴശ്ശിരാജ" എന്ന മലയാള സിനിമയെ വിനോദ നികുതിയിൽ 50% ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ) 2664/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഒക്ടോബർ 15, 2009.**

---

**പരാമർശം:** ശ്രീ. ഗോകുലം മൂവീസിന്റെ പ്രൊഡ്യൂസർ ശ്രീ ഗോകുലം ഗോപാലന്റെ 11-08-2009 -ലെ നിവേദനം.

## <u>ഉത്തരവ്</u>

ശ്രീ ഗോകുലം മൂവീസ് നിർമ്മിച്ച "പഴശ്ശിരാജ" എന്ന സിനിമ ഇന്ത്യയിലെ ആദ്യകാല സ്വാതന്ത്ര്യ സമര സേനാനികളുടെ ജീവിതകഥയും സ്വാതന്ത്ര്യ സമര ചരിത്രവും, വിവരിക്കുന്നതാകയാൽ പ്രസ്തുത ചലചിത്രത്തെ പ്രദർശന നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും, ഭാരിച്ച നിർമ്മാണച്ചെലവ് മുൻനിർത്തി ചിത്രം പ്രദർശിപ്പിക്കുന്ന ആദ്യത്തെ ഏഴ് ദിവസം ടിക്കറ്റ് നിരക്ക് 50% വർദ്ധിപ്പിച്ച് വിൽക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ചിത്രത്തിന്റെ നിർമ്മാതാവായ ശ്രീ.ഗോകുലം ഗോപാലൻ മേൽ പരാമർശ പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഗോകുലം മൂവീസ് നിർമ്മിച്ച "പഴശ്ശിരാജ" എന്ന മലയാള ചിത്രത്തെ വിനോദ നികുതിയിൽ 50% ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. } [തുടർനടപടി സ്വീകരിക്കേണ്ടതാണ്]

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

ശ്രീ.ഗോകുലം ഗോപാലൻ, പ്രൊഡ്യൂസർ, ശ്രീ ഗോകുലം മൂവീസ്, എറണാകുളം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.